LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാർക്ക് സാംസ്കാരിക പ്രവർത്തനം നടത്തുന്നതിന് പെരുമാറ്റച്ചട്ടം

72 (1543) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് സാംസ്കാരിക പ്രവർത്തനം നടത്തുന്നതിന് പുതിയ പെരുമാറ്റച്ചട്ടം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത ചട്ടം സംബന്ധിച്ച് സാംസ്കാരിക വകുപ്പിന്റെ അഭിപ്രായം വ്യക്തമാക്കുമോ;

(സി) ജീവനക്കാരുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിന്റെ ഉദ്ദേശമെന്താണെന്ന് അറിയാമോ?

ഉത്തരം

(എ) പുതിയ പെരുമാറ്റച്ചട്ടം കൊണ്ടുവരാൻ ഉദ്ദേശിച്ചിട്ടില്ല.

(ബി) കേരള ഗവൺമെന്റ് സർവന്റ്സ് കോൺഡക്ട് റൂളിന് വിധേയമായി സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് സാംസ്കാരിക പ്രവർത്തനത്തിന് അനുമതി നൽകുന്നതിൽ സാംസ്കാരിക വകുപ്പിന് അനുകൂലമായ നിലപാടാണുള്ളത്.

(സി) നിയന്ത്രണം ഏർപ്പെടുത്തിയതായി അറിവില്ല.

വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സമര സേനാനികൾക്ക് സ്മാരകം

73 (1544) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രഥമ സമ്മേളനം നടന്ന വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സമര സേനാനികൾക്കുവേണ്ടി നിർമ്മിച്ച സ്മാരകത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

Page 1

(ബി) പ്രസ്തുത സ്മാരകത്തിന് വട്ടിയൂർക്കാവ് സമ്മേളനത്തിന്റെ സംഘാടകനും അദ്ധ്യക്ഷനുമായിരുന്ന എ. കണ്ണൻനാടാരുടെ പേര് നൽകണമെന്നും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്ത പ്രമുഖ സ്വാതന്ത്ര്യ സമര സേനാനികളുടെ പേരുകൾ ഉൾക്കൊള്ളുന്ന സ്മാരക ഫലകം അവിടെ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് കൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത നിവേദനം സംബന്ധിച്ച വിശദാംശങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികളും എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വട്ടിയൂർക്കാവിൽ നിർമ്മാണം പൂർത്തിയാക്കിയ സ്വാതന്ത്ര്യസമര സ്മാരകം 2-7-2015-ൽ പൊതുജനങ്ങൾക്ക് സമർപ്പിച്ചിട്ടുണ്ട്. സ്മാരകത്തിലേയ്ക്കുള്ള പ്രവേശനം സൗജന്യമാണ്.

(ബി) ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

കഞ്ഞുണ്ണിമാസ്റ്റർ സ്മാരക നിർമ്മാണം

74 (1545) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ നിർദ്ദിഷ്ട കഞ്ഞുണ്ണി മാസ്റ്റർ സ്മാരകത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്മാരക നിർമ്മാണത്തിന് തടസ്സമായി നില്ക്കുന്ന സാഹചര്യങ്ങൾ വിശദമാക്കുമോ;

(സി) നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കഞ്ഞുണ്ണിമാസ്റ്ററുടെ കുടുംബം കേരള സാഹിത്യ അക്കാദമിക്ക് വിട്ടുനൽകിയ ഭൂമിയിൽ കവിയുടെ സ്മാരകം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ കേരള സാഹിത്യ അക്കാദമിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്മാരകത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുവാൻ തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയതായി അക്കാദമി അറിയിച്ചിട്ടുണ്ട്.

(സി) സ്മാരക നിർമ്മാണം ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly